<u>14 -ാം കേരള നിയമസഭ</u>

<u>22 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2718</u> <u>22-01-2021 - ൽ മറുപടിയ്ക്ക്</u>

<u>കണ്ടൽക്കാടുകളുടെ സംരക്ഷണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | മണലൂർ, ഗുരുവായൂർ മണ്ഡലങ്ങളിൽ ചേർന്നുകിടക്കുന്ന കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | ചേറ്റുവ പെരിങ്ങാട് കണ്ടൽ - തണ്ണീർത്തട സംരക്ഷണവുമായി ബന്ധപ്പെട്ട് 01/01/2021 തീയതിയിൽ ബഹു.വനം വന്യജീവി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ അവലോകനയോഗം നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വനംവകുപ്പ മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | വെൺമനാട് വില്ലേജ് നോട്ടിഫിക്കേഷൻ അനുസരിച്ച് സർവ്വേ നമ്പർ 119/2- ൽ ഉൾപ്പെട്ട 94.77 ഹെക്ടർ പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലം സെക്ഷൻ 4 വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. ഈ പരിപാടി സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | കണ്ടൽക്കാടുകളും പുഴകളും സംരക്ഷിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | ജൈവ വൈവിധ്യങ്ങളുടെ കലവറയായ കണ്ടൽ കാടുകൾ സംരക്ഷിക്കുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ Conservation and Management of Mangroves in Vembanad & Kannur (60% CSS) എന്ന പദ്ധതിക്കായി 2017-2018 -ൽ 294.53 ലക്ഷം രൂപയും 2018-2019 -ൽ 231.2 ലക്ഷം രൂപയും ലഭിക്കുകയും ആയത് ചെലവാക്കുകയും ചെയ്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയിൽ 178.19 ലക്ഷം രൂപ ഫണ്ട് ലഭിക്കുകയും ആയതിൽ 162.11 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതി പ്രകാരം വനം വകുപ്പ് കണ്ടൽ തൈകളും, തീരപ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ്ശ് എന്നിവ ഉത്പാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുകയും, കൂടാതെ നട്ടുപിടിപ്പിക്കുന്നതിനായി പൊതു ജനങ്ങൾക്ക് വിതരണവും ചെയ്യുന്നു. കൂടാതെ കണ്ടൽചെടി നടുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോൽസാഹനമായി പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി കുടിവെള്ള വിതരണം, ഗ്യാസ് കണക്ഷൻ, ബയോ ഗ്യാസ് പ്ലാൻറ് നിർമ്മാണം, മീൻകുഞ്ഞുങ്ങളുടെ |

വിതരണം എന്നീ പ്രവൃത്തികളും നടത്തിവരുന്നു. കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും, തൃശ്ശൂർ ജില്ലയിൽ 3.385 ഹെക്ടറും കണ്ടൽ വനങ്ങൾ വനം നിയമം സെക്ഷൻ 19 പ്രകാരം റിസർവ് ഫോറസ്റ്റായും, കോഴിക്കോട് ജില്ലയിൽ 2.82 ഹെക്ടറും, മലപ്പുറം ജില്ലയിൽ 20.78 ഹെക്ടറും, കാസർഗോഡ് ജില്ലയിൽ 54.695 ഹെക്ടറും കണ്ടൽ വനങ്ങൾ വന നിയമം സെക്ഷൻ 4 പ്രകാരം 'പ്രൊപ്പോസ്ഡ്" റിസർവ് ഫോറസ്റ്റായും വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ച വരുന്നുണ്ട്. കൊല്ലം/ തൃശ്ശൂർ/ മലപ്പുറം/ കണ്ണൂർ ജില്ലകളിലെ 51.41 ഹെക്ടർ സ്വകാര്യ കണ്ടൽകാട്ടുകൾ പണം നൽകി ഇ.എഫ്.എൽ നിയമപ്രകാരം റീ-ബിൽഡ് കേരളാ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കൽ നടപടി സ്വീകരിച്ച് വരുന്നു. സ്വകാര്യ വ്യക്തികൾക്ക് സ്വകാര്യ ഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് 4000 രൂപ നിരക്കിൽ സർക്കാർ ഉത്തരവ് നമ്പർ ജി.ഓ (ആർ.റ്റി) 485/16/വനം തീയതി 24/12/16-ലെ മാനദണ്ഡങ്ങൾ അനുസരിച്ച് ധന സഹായം നൽകി വരുന്നു. കണ്ടൽക്കാട്ടുകളെ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ജനങ്ങളിലും, കുട്ടികളിലും എത്തിക്കുന്നതിലേക്കായി സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തി വരുന്നുണ്ട്. കൂടാതെ വനംവകുപ്പിന്റെ പ്രസിദ്ധീകരണമായ അരണ്യം മുഖേനയും കണ്ടലിന്റെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരണം നടത്തുന്നുണ്ട്. പുഴകളുടെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. എന്നാൽ പുഴകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കൊല്ലം സോഷ്യൽ ഫോറസ്റ്റി മേഖലയ്ക്ക് കീഴിൽ കോട്ടയം ജില്ലയിൽ മണിമലയാർ, മീനച്ചിലാർ എന്നിവയുടെ തീരത്ത് 1500 മുളം തൈകളും, പത്തനംതിട്ട ജില്ലയിൽ പമ്പാനദിയുടെയും അതിന്റെ കൈവഴികളുടെയും തീരത്ത് സോഷ്യൽ ഫോറസ്റ്റിയും, ജില്ലാ ഭരണകൂടവും, പഞ്ചായത്തുകളും സംയുക്തമായി 1 ലക്ഷം മുളം തൈകളും നട്ട് പരിപാലിച്ച് വരുന്നുണ്ട്. എറണാകുളം സോഷ്യൽ ഫോറസ്റ്റി റീജിയണിലെ ഇടുക്കി സോഷ്യൽ ഫോറസ്റ്റി ഡിവിഷനിൽ കട്ടപ്പന സോഷ്യൽ ഫോറസ്റ്റി റെയിഞ്ചിന്റെ ഇട്ടിത്തോപ്പിനടുത്തുള്ള തുവൽ വെള്ളച്ചാട്ടത്തിനു സമീപം കല്ലാർ പുഴയോരത്ത് 100 മുളം തൈകൾ നട്ടിട്ടുള്ളതാണ്. കൂടാതെ കോഴിക്കോട് സോഷ്യൽ ഫോറസ്റ്റി റീജിയണിലെ വയനാട് സോഷ്യൽ ഫോറസ്റ്റി ഡിവിഷനിലെ തവിഞ്ഞാൽ പുഴയുടെ തീരത്തും, മലപ്പുറം സോഷ്യൽ ഫോറസ്റ്റി ഡിവിഷനിലെ ചാലിയാർ പുഴ, ഒലിപ്പുഴ,

| | | | |
|---|---|---|---|
| | | | കനോലികനാൽ, ഭാരതപുഴയുടെ തീരങ്ങൾ എന്നിവിടങ്ങളിലും, കോഴിക്കോട് ഡിവിഷനിലെ പൂനൂർ പുഴയുടെ തീരത്തും മുളതൈകൾ വെച്ചു പിടിപ്പിക്കുന്ന പ്രവർത്തി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ